(എഫ്) ഉത്തരക്കടലാസുകളിലെ മാർക്കുകൾ വീണ്ടും കൂട്ടിനോക്കി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഉണ്ട്. ഈ വാല്യുവേഷനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തുന്നതാണ്.

(ജി) പ്രസ്തുത പ്രൊഫഷണൽ കോഴ്സുകളിൽ പ്രൊസ്പാഹന മെന്ന നിലയിൽ ഒന്നോ രണ്ടോ സീറ്റുകൾ സംവരണം ചെയ്യാൻ നടപടി എടുത്തു വരുന്നു.

ജനറൽ ബോഡിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ.

*379. [407] ശ്രീ. സി.ടി. അഹമ്മദ് അലി :
,, കെ.പി.എ. മജീദ് :
,, പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽബോഡി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എത്ര പ്രാഥമിക സഹകരണ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) പിരിച്ചുവിടപ്പെട്ട എത്ര സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പു നടന്നു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ജനറൽ ബോഡി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടാൻ വ്യവസ്ഥകൾ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ രജിസ്ട്രാറുടെ അധികാരം

*380. [408] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ രജിസ്ട്രാർ തന്റെ അധികാരം ആർക്കെല്ലാം ഡെലിഗേറ്റ് ചെയ്തു കൊടുക്കുന്നുണ്ട് ;

(ബി) അസിസ്റ്റന്റ് രജിസ്ട്രാർക്കും ഇൻസ്പെക്ടർമാർക്കും അധികാരം ഡലിഗേറ്റ് ചെയ്തു കൊടുക്കുന്നത് അസാധുവാണെന്ന് കോടതി വിധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിന്റെ അടിസ്ഥാനത്തിൽ നിരവധി ആർബിട്രേഷൻ കേസ്സുകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സഹകരണ സംഘം രജിസ്ട്രാർക്ക് തന്റെ അധികാരം മറ്റാരുടെയും ഡെലിഗേറ്റ് ചെയ്തു കൊടുക്കുവാൻ അധികാരമില്ല. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly